I/75729/2023

വനിത ശിശു വികസന
ഡയറക്ടറേറ്റ്,
പൂജപ്പുര, തിരുവനന്തപുരം
തീയതി : 10-01-2023
Email -
directorate.wcd@kerala.gov.in
Phone - 0471 – 2346534

## സർക്കുലർ

വിഷയം: വനിത ശിശു വികസന വകുപ്പ് – ഡയറക്ടറേറ്റ് - ഔദ്യോഗിക ഭാഷ സംബന്ധിച്ച (2021-23) സമിതിയുടെ ഒന്നാമത് റിപ്പോർട്ട് - നടപടി സ്വീകരിക്കുന്നത് - സംബന്ധിച്ച്.

സൂചന: സർക്കാരിന്റെ 20.12.2022 തീയതിയിലെ കത്തും സമിതി റിപ്പോർട്ടും.

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഔദ്യോഗിക ഭാഷ സംബന്ധിച്ച (2021-23) സമിതിയുടെ ഒന്നാമത് റിപ്പോർട്ടിലെ 10 മുതൽ 14 വരെയുള്ള നിർദ്ദേശങ്ങളിൻമേൽ നടപടി സ്വീകരിക്കുന്നതിന് സൂചന പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. സംസ്ഥാനത്തെ എല്ലാ ഓഫീസുകളുടെയും / വിഭാഗങ്ങളുടെയും പേര്, ഓഫീസർമാരുടെ പേര് / ഉദ്യോഗ പേര് എന്നിവ മലയാളത്തിൽ പ്രദർശിപ്പിക്കേണ്ടതാണ്.
2. സേവനാവകാശം / വിവരാവകാശം സംബന്ധിച്ച അറിയിപ്പുകളും മറ്റ് പൊതു നിർദ്ദേശങ്ങളും സാധാരണക്കാർക്ക് വ്യക്തമാക്കുന്ന വിധം മലയാളത്തിൽ പ്രദർശിപ്പിക്കുക. എല്ലാ നാമഫലകങ്ങളിലും മലയാളം കൂടി ഉൾപ്പെടുത്തുക.
3. സർക്കാർ വാഹനങ്ങളിൽ വകുപ്പിന്റെ പേര് മലയാളത്തിലും പ്രദർശിപ്പിക്കുക.
4. പൊതുജനങ്ങൾ ഉപയോഗിക്കുന്ന എല്ലാത്തരത്തിലുമുള്ള സർക്കാർ ഫാറങ്ങളും നിർദ്ദേശങ്ങളും ഇംഗ്ലീഷിലും മലയാളത്തിലും പ്രിന്റ് ചെയ്യുക.
5. ഓരോ വകുപ്പുകളും സ്ഥാപനങ്ങളും പ്രത്യേകമായി ഉപയോഗിക്കുന്ന വാക്കുകൾ / സംജ്ഞകൾ ഉൾപ്പെടുത്തി ഭരണ പദാവലി പ്രസിദ്ധീകരിക്കുക.

എല്ലാ കീഴ്ക്കാര്യാലയങ്ങളും മേൽ നിർദ്ദേശങ്ങളിൽ നടപടി സ്വീകരിക്കേണ്ടതും എല്ലാ ജില്ലാ വനിത ശിശു വികസന ഓഫീസർമാരും നടപടി റിപ്പോർട്ട് (എല്ലാ കീഴ്ക്കാര്യാലയങ്ങളിലെയും ക്രോഡീകരിച്ച റിപ്പോർട്ട്) 15.02.2023 ന് മുമ്പായി ഈ കാര്യാലയത്തിൽ ലഭ്യമാക്കുന്നതിനും നിർദ്ദേശം നൽകുന്നു.

for

വനിത ശിശു വികസന ഡയറക്ടർ

എല്ലാ കീഴ്ക്കാര്യാലയമേധാവികൾക്കും